കൃഷിക്കാർ നിരാശരാണ്. ജാതി, ഗ്രാമ്പൂ തുടങ്ങിയ വിളകളുടെ നിലവാരം കുറഞ്ഞിട്ടുണ്ട്. ഒരു സർവ്വെ നടത്തിയിട്ട് നിശ്ചിത വില കൊടുക്കുന്നതിന് ഉറപ്പു കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: അത് നല്ലൊരു സജഷനാണ്. അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: ഈ വർഷം നീക്കിവച്ച തുക മുഴുവൻ സപ്പോർട്ട് പ്രൈസ് ആയി കൊടുക്കാൻ കഴിയുമോ? അങ്ങനെ സാധിക്കുകയില്ലെങ്കിൽ കൃഷിക്കാർക്ക് മറ്റു വല്ല സബ്സിഡിയും കൊടുക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: നീക്കിവച്ച തുക മുഴുവൻ കൊടുക്കാൻ സാധിക്കുകയില്ല. കൂടുതൽ നീക്കിവച്ചുപോയതാണ്. മറ്റു സഹായങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ: നെല്ലിന് താങ്ങുവില നമ്മുടെ സംസ്ഥാനത്ത് ക്വിൻറലിന് 120 രൂപയാണ്. ഗവൺമെൻറ് ഓഫ് ഇൻഡ്യ നിശ്ചയിച്ചിട്ടുള്ള വില എന്താണ്? അയൽ സംസ്ഥാനങ്ങളായ ആന്ധ്രയിലും കർണ്ണാടകയിലും വില എന്താണ്? 120 രൂപ അധികമാണെന്ന് ഗവൺമെൻറ് ഓഫ് ഇൻഡ്യ ആക്ഷേപം പറഞ്ഞുകേൾക്കുന്നത് ശരിയാണോ?

ശ്രീ. ടി. എസ്. ജോൺ: ശരിയാണ്. ഗവൺമെൻറ് ഓഫ് ഇൻഡ്യ നിശ്ചയിച്ചിട്ടുള്ള വില 85 രൂപയാണ്. ഇതിൽ കൂടുതൽ കൊടുക്കാൻ പാടില്ലെന്നുള്ള ഒരു എഴുത്ത് സംസ്ഥാന ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെൻറ് അടുത്ത ദിവസം അതിന് മറുപടി അയച്ചിട്ടുണ്ട്. കേരളത്തിൽ കുറച്ച് നെല്ല് റെസ്ട്രിക്ഷൻറെ അടിസ്ഥാനത്തിൽ മാത്രമേ എടുക്കുന്നുള്ളു എന്ന് ധരിപ്പിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഇതിനേക്കാൾ കുറഞ്ഞ വില മാത്രമേ സപ്പോർട്ട് പ്രൈസായി ലഭിക്കുന്നുള്ളു. മറ്റു സംസ്ഥാനങ്ങളിലെ ഉൽപ്പാദനച്ചെലവുമായി തട്ടിച്ചുനോക്കിയാൽ കേരളത്തിലെ ഉൽപ്പാദനച്ചെലവ് കൂടുതലാണ്. മറ്റു സംസ്ഥാനങ്ങളിൽ കുറവാണ്. അതുകൊണ്ട് കൃഷിക്കാർക്ക് അൽപ്പം മെച്ചപ്പെട്ട വില കൊടുക്കാൻ വേണ്ടിയാണ് സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചത്.

ഫിഷ് ഫാർമേഴ്സ് ഡെവലപ്മെൻറ് ഏജൻസി

*373 [392] ശ്രീ. എം. കെ. കൃഷ്ണൻ:
ശ്രീ. എ. പി. കുര്യൻ:
ശ്രീ. പി. ആർ. ശിവൻ:

ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷ് ഫാർമേഴ്സ് ഡെവലപ്മെൻറ് ഏജൻസി എന്നൊരു സ്ഥാപനം നിലവിൽ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എവിടെ; എന്താണിതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ;

(സി) ഈ സ്ഥാപനം വഴി മൽസ്യം വളർത്തുന്നതിന് എത്ര സംഖ്യയാണ് സഹായമായി നൽകുക;

(ഡി) ഈ പദ്ധതിക്കു വേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് എന്തു തുക അനുവദിച്ചുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിൽ മീൻകര എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചു. കൂടാതെ കൊല്ലത്തും തൃശ്ശൂരും സ്ഥാപിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. അവയുടെ പ്രവർത്തനം ഉടനെ ആരംഭിക്കും.

ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

(1) ശുദ്ധജല മൽസ്യോൽപ്പാദന രംഗത്ത് കൂടുതൽ ഫലപ്രദവും പ്രായോഗികവും ശാസ്ത്രീയവും പുരോഗമനാൽമകവുമായ സമീപനം കൈവരുത്തുക.

(2) ചതുപ്പു നിലങ്ങളും വെള്ളക്കെട്ടുകളും ഉറവുകളും കുളങ്ങളും മറ്റും നന്നാക്കിയെടുത്ത് മൽസ്യോൽപ്പാദനം കാര്യക്ഷമമാക്കുക.

(3) പരമാവധി മൽസ്യോൽപ്പാദനം പ്രായോഗികമാക്കുന്നതിനും സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലേക്ക് ഈ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും ഒരു കേന്ദ്രീയ പ്രവർത്തന മേഖല എന്ന രീതിയിൽ ഏജൻസിയുടെ പ്രവർത്തനം സംഘടിപ്പിക്കുക.

(4) മൽസ്യോൽപ്പാദന രംഗത്ത് താൽപ്പര്യമുള്ളവർക്ക് പരിശീലനം നൽകി ഒരു തൊഴിൽ കണ്ടെത്താൻ സഹായിക്കുകയും അതിനുവേണ്ട പ്രചരണം കൊടുക്കുകയും ചെയ്യുന്നതു വഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

(5) ഉൾനാടൻ മൽസ്യം വളർത്തുന്നവർക്ക് കുളം വെട്ടി തയ്യാറാക്കുന്നതിനും മൽസ്യക്കുഞ്ഞുങ്ങളെ വാങ്ങി അതിനെ വളർത്താൻ കുളത്തിൽ ഇടുന്നതിനുള്ള ചെലവിനും വളവും തീറ്റയും വാങ്ങുന്നതിനും ധനസഹായം നൽകുക എന്നിവയാണ്.

(സി) ഒരു ഹെക്ടറിനു മൊത്തം 11,250 രൂപ ലോണും ഗ്രാന്റും കൂടി സഹായധനമായി നൽകുന്നു. 10,000 രൂപ കുളം വെട്ടി തയ്യാറാക്കുന്നതിനും 1,250 രൂപ മീൻ കുഞ്ഞുങ്ങളെ വളർത്തുന്നതിനും തീറ്റക്കുമായി കൊടുക്കുന്നു. ഇതിൽ 25 ശതമാനം സബ്സിഡിയാണ്.

(ഡി) നടപ്പ് വർഷത്തിൽ മൂന്നു ലക്ഷം ഉറുപ്പിക ഗ്രാന്റും ഒരു ലക്ഷം ഉറുപ്പിക ലോണും അനുവദിച്ചിട്ടുണ്ട്. ഇതുവരെ 1,79,292 രൂപ ചെലവാക്കിയിട്ടുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: ഇപ്പോൾ തുടങ്ങിയത് പാലക്കാട് മീൻകരയിലാണെന്നു പറഞ്ഞു. അവിടെ എത്ര ഏക്കർ സ്ഥലത്ത് ഇത് നടപ്പിലാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: എത്ര ഏക്കർ സ്ഥലത്ത് നടപ്പിലാക്കുമെന്നുള്ളത് പറയാൻ സാധിക്കുകയില്ല. മീൻകരയിൽ 1,79,292 രൂപ ഇതിലേക്കുവേണ്ടി ചെലവാക്കിയിട്ടുണ്ട്. ഒരു ഹെക്ററിന് 11,250 രൂപ ചെലവാക്കിയിട്ടുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: 1,79,292 രൂപ ചെലവാക്കിയെന്നു പറഞ്ഞു. ആ സ്ഥലത്ത് ഇത്ര ബൃഹത്തായ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചിട്ടും അവിടെ മീൻ വളർത്തുന്നതിന് വലിയ താൽപ്പര്യമുള്ള ആളുകൾ ഇല്ലാത്തതുകൊണ്ട് ഇത് പ്രയോജനപ്രദമാവുകയില്ലെന്ന് എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞതായി പത്രത്തിൽ വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വല്ലവിവരവും ഗവൺമെന്റിനുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഈ രീതിയിൽ മുമ്പോട്ട് കൊണ്ടുപോകണമെന്നാണ് വിചാരിക്കുന്നത്. ഇനി രണ്ടു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ ആണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. പി. കുര്യൻ: ആകെ ചെലവാക്കിയ സംഖ്യ എത്ര പേർക്കാണ് ലോണായിട്ടും ഗ്രാന്റായിട്ടും കൊടുത്തത് എന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതിന്റെ കണക്ക് കൈവശമില്ല.

ശ്രീ. എ. പി. കുര്യൻ: അതിന്റെ വിവരം കിട്ടേണ്ടതാണ്. ഈ ചോദ്യത്തിൽനിന്നും ഉദ്ഭവിക്കുന്ന ഒരു സപ്ലിമെന്ററി ചോദ്യമാണ്. അപ്പോഴും ഒരൊറ്റ ആഴ്ക്കാണോ കൊടുത്തത്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഒരൊറ്റ ആഴ്ക്ക് അല്ല കൊടുത്തത്. ഒരു ഹെക്ററിന് 11,250 രൂപ വച്ചാണ് കൊടുത്തത്.

ശ്രീ. എ. പി. കുര്യൻ: പത്ത് പതിനഞ്ച് ഹെക്ടർ ഉള്ള ഒരാളിന് ഈ സംഖ്യ മുഴുവൻ കൊടുത്തുകാണുമെന്നു സംശയിക്കുന്നതിൽ തെറ്റുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെ സംശയിക്കുന്നത് ശരിയല്ല.

ശ്രീ. പി. ആർ. ശിവൻ: കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും തൊഴിലില്ലായ്മ ഉള്ളതുകൊണ്ടും എല്ലാ പഞ്ചായത്തുകളിലും മൽസ്യം ആവശ്യമാണെന്നുള്ളതുകൊണ്ടും ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്ന കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: രണ്ടു ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കണമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്. ഈ പദ്ധതി വിജയകരമാകുന്നപക്ഷം മറ്റു ജില്ലകളിലുംകൂടി വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. പി. ആർ. ശിവൻ: പരേതനായ ശ്രീ. ജോൺ ജേക്കബ് പശ്ചിമബംഗാളിൽ പോകുകയും 5 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ കൊണ്ടുവരികയും ചെയ്തതായി ഈ നിയമസഭയിൽ മുമ്പ് ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. അങ്ങനെ കൊണ്ടുവന്ന

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യക്കുഞ്ഞുങ്ങൾ ജീവിച്ചിരുപ്പുണ്ടെങ്കിൽ ഫിഷ് ഫാർമേഴ്സ് ഡെവപലപ്മെൻറ് ഏജൻസിമുഖേന വിതരണംചെയ്യുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ശുദ്ധജലത്തിൽ വളർത്താനുള്ള മൽസ്യക്കുഞ്ഞുങ്ങളെ വിതരണംചെയ്യുന്നത് ഫിഷ് ഫാർമേഴ്സ് ഡെവലപ്മെൻറ് ഏജൻസി മുഖേനയല്ല. അതിന് വേറൊരു പദ്ധതിയുണ്ട്. ഇതിനെ സംബന്ധിക്കുന്ന ഒരു ചോദ്യമുണ്ടായിരുന്ന ഒരു ദിവസം ഞാൻ അതുമായി ബന്ധപ്പെട്ട ഫയൽ കൊണ്ടു വന്നിരുന്നു. അന്നു ആ ചോദ്യം എടുത്തിരുന്നില്ല.

ശ്രീ. സി. വാസുദേവ മേനോൻ: ഈ പദ്ധതി അനുസരിച്ച് മൽസ്യം വളർത്തുന്നതിന് സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ജലാശയങ്ങൾക്ക് മാത്രമേ ധനസഹായം കൊടുക്കുകയുള്ളുവെന്നുള്ള നിബന്ധനമാറ്റി പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കീഴിലുള്ള ജലാശയങ്ങൾക്കുകൂടി ഈ പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതിനു തടസ്സമുള്ളതായിതോന്നുന്നില്ല. ഈ കാര്യംകൂടി പരിഗണിക്കുന്നതായിരിക്കും.

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: ഇടുക്കി ജില്ലയിൽ പൊൻമണി, കല്ലാർകുട്ടി തുടങ്ങിയ ഡാമുകളുണ്ട്. അവിടെ മൽസ്യം വളർത്തുവാൻ വളരെയധികം സൗകര്യമുള്ളതുകൊണ്ട് ആ പ്രദേശങ്ങളിൽ മൽസ്യം വളർത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഡാമിൽ മീൻ വളർത്തുന്നതിനെകുറിച്ചല്ല പരിഗണിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ വേണമെങ്കിൽ അതും പരിഗണിക്കാവുന്നതാണ്.

ശ്രീ. പിണറായി വിജയൻ: 11,250 രൂപയാണ് ലോണും ഗ്രാൻറും ആയി ഒരു കുളത്തിന് കൊടുക്കുന്നത് എന്നു പറഞ്ഞു. അങ്ങനെ എത്ര കുളങ്ങൾക്ക് ഇതുവരെയായി കൊടുത്തിട്ടുണ്ട്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: കുളത്തിനല്ല പറഞ്ഞത്, ഒരു ഹെക്റ്ററിനാണ് ഇത്രയും കൊടുക്കുന്നത്. കുളം വെട്ടുന്നതിന് പതിനായിരം രൂപയും മീൻ കുഞ്ഞുങ്ങളെ വാങ്ങുന്നതിനും തീറ്റക്കുമായി 1,250 രൂപയും കൊടുക്കും.

ശ്രീ. സേവ്യർ അറയ്ക്കൽ: നമ്മുടെ സംസ്ഥാനത്ത് മൽസ്യം വളർത്തുന്നതിനെ സംബന്ധിച്ചും പിടിക്കുന്നതിനെ സംബന്ധിച്ചും ശാസ്ത്രീയ പഠനം നടത്തുന്നതിന് വേണ്ടി ഒരു ഫിഷറീസ് കോളേജ് സ്ഥാപിക്കണമെന്ന നിർദ്ദേശം ഉണ്ടായിരുന്നു. അത് എറണാകുളത്ത് സ്ഥാപിക്കുവാൻ സ്ഥലവും എടുത്തിരുന്നു. ആ കോളേജ് കഴിയുന്നതും വേഗം സ്ഥാപിച്ചാൽ ഫിഷ് ഫാർമേഴ്സ് ഡെവലപ്മെൻറ് ഏജൻസിയുടെ ഉദ്ദേശം നേടിയെടുക്കുവാൻ സാധിക്കും. അതുകൊണ്ട് ആ കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി ഗവൺമെൻറ് മുൻകൈ എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതിനെക്കുറിച്ച് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. എം. ഷെറീഫ്: ആയിരംതെങ്ങിൽ പ്രവർത്തിക്കുന്ന ഫിഷ്ഫാം ഒരു റിസർച്ച് സ്റ്റേഷനായി ഉയർത്തുന്നതിനും ഒരു ടെക്നിക്കൽ സ്ക്കൂൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നിർദ്ദേശം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: നോട്ടീസ് വേണം.

ശ്രീ. കെ. ജെ. ചാക്കോ: ചങ്ങനാശ്ശേരി മുനിസിപ്പൽ പട്ടണത്തിൽ വിശാലമായ 9 ഏക്കർ സ്ഥലം ഈ സ്കീമിനു വേണ്ടി വിട്ടുകൊടുക്കാം എന്നറിയിച്ചിരുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെങ്കിലും പരിപാടി മുമ്പോട്ട് നീങ്ങിയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഈ സ്കീം കോട്ടയത്തേക്ക് വ്യാപിപ്പിക്കുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: മറേറതെല്ലാം ജില്ലകളിലേക്ക് കൂടിയാണ് ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; തിരുവനന്തപുരത്തുകൂടി ഈ പദ്ധതി വ്യാപിപ്പിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: തൽക്കാലം തൃശ്ശൂർ ജില്ലയിൽകൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുകയാണ്. കൊല്ലത്തും തൃശ്ശൂരും ഈ പദ്ധതി വിജയപ്രദമാകുകയാണെങ്കിൽ മററു ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതായിരിക്കും.

ശ്രീ. ഇ. പി. ഗോപാലൻ: കടൽക്കര ഇല്ലാത്ത പാലക്കാട് ജില്ലയിൽ ശുദ്ധജലത്തിൽ മൽസ്യം വളർത്തൽ ആരംഭിച്ചത് മീൻകരയിലാണെന്നു പറഞ്ഞു. എന്നാൽ പാലക്കാട് ജില്ലയിലുടനീളം വ്യാപിപ്പിക്കുന്നതിന് സത്വരനടപടി എടുക്കുമോ? അവിടെത്തന്നെ പരാജയമാണെന്നു വരുത്തിത്തീർക്കുവാൻ വേണ്ടി ചില തൽപ്പര കക്ഷികൾ പ്രവർത്തിക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ആ ജില്ലയിൽ ഫലപ്രദമാക്കുവാൻ ശ്രമിക്കുന്നതാണ്.

മദർ തെരേസയുടെ മാനസികരോഗാശുപത്രി

*374 [393] ശ്രീ. ത്യാഗരാജൻ:

ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക പ്രശസ്തയായ മദർ തെരേസാ അടുത്ത കാലത്ത് കേരളം സന്ദർശിച്ചപ്പോൾ പേരൂർക്കടയിലുള്ള മാനസികരോഗാശുപത്രി സന്ദർശിച്ചിരുന്നുവോ;

(ബി) അവരുടെ സന്ദർശനാനന്തരം പുറത്തു വന്ന പത്ര റിപ്പോർട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; എങ്കിൽ പ്രസ്തുത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly